**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5226** **14-03-2023 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിൽ വില്ലേജ് ഓഫീസുകൾ പുതുക്കി പണിയുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാലപ്പഴക്കമുള്ള കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിനായി 2022-23 വർഷത്തിൽ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വകയിരുത്തിയിട്ടുള്ള 4800 ലക്ഷം രൂപയിൽ 2200 ലക്ഷം രൂപ സ്മാർട്ട് വില്ലേജുകളുടെ നിർമ്മാണം/ഭൂമി ഏറ്റെടുക്കലിനായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ കൊയിലാണ്ടി, താമരശ്ശേരി എന്നീ താലൂക്കുകളിൽ എത്ര വില്ലേജ് ഓഫീസുകളാണ് പുതുക്കി പണിയാനുള്ളത്; ഇവ പുതുക്കി പണിയുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ താമരശ്ശേരി താലൂക്കിലെ വില്ലേജ് ഓഫീസുകളെല്ലാം പുതുക്കിപ്പണിയുന്നതിന് വിവിധ ഘട്ടങ്ങളിലായി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൊയിലാണ്ടി താലൂക്കിലെ നടുവണ്ണൂർ വില്ലേജ് ഓഫീസിന് മാത്രമാണ് പുതിയ കെട്ടിട നിർമ്മാണം നിർവ്വഹിക്കുവാൻ ബാക്കിയുള്ളത്. അടുത്ത മൂന്ന് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ